പതിനാലാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 854 05.02.2020 ലെ മറുപടിയ്ക്ക്

## വനംവകുപ്പിന്റെ നവീകരണത്തിന് ഫയർ റെസ്പോൺഡറുകൾ

| ചോദ്യം<br><br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br><br>അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) വനം വകുപ്പിന്റെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനം വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി :<br><br>• കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി അത്യാധുനിക സംവിധാനങ്ങൾ ഉള്ള രണ്ട് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വാങ്ങി തൃശ്ശൂർ, പാലക്കാട് മേഖലയിൽ ഉപയോഗിച്ചു വരുന്നു.<br><br>• സംസ്ഥാനത്ത് പുതിയതായി 1 0 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുകയും, വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി 99 പുതിയ തസ്തികകളും സൃഷ്ടിച്ചു.<br><br>• വന്യജീവി സംരക്ഷണത്തിനും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെയും ഭാഗമായി 13 വെറ്ററിനറി ആഫീസർ തസ്തികകൾ സൃഷ്ടിച്ചു.<br><br>• കാട്ടുതീ മുൻകൂട്ടി അറിയുവാൻ ഫയർ വാണിംഗ് സിസ്റ്റം; ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുമായി ചേർന്ന് ഫയർ അലർട്ട് എസ്.എം.എസ് സംവിധാനം എന്നിവ ഏർപ്പെടുത്തി. |

| | | |
|---|---|---|
| | | • അത്യാധുനിക പമ്പ് ആക്ഷൻ ഗൺ ഉൾപ്പെടെയുള്ള ആംസ്/ ആമ്യൂണിഷൻ സംവിധാനങ്ങൾ ലഭ്യമാക്കി.<br><br>• നാട്ടാന സംരക്ഷണ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ നാട്ടാനകളുടെ ഡി.എൻ.എ പ്രൊഫൈലിംഗ് നടത്തി ഡാറ്റാബേസ് തയ്യാറാക്കി. ഇത് ഇന്ത്യയിൽതന്നെ ആദ്യമായി ഒരു സംസ്ഥാനം നടപ്പിലാക്കുന്ന പദ്ധതിയാണ്.<br><br>• 1 9 ഫോറസ്റ്റ് സ്റ്റേഷൻ കോംപ് ളക്സുകൾ സ്ഥാപിക്കുകയും, 18 എണ്ണത്തിന്റെ പണികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.<br><br>• ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി വനംവകുപ്പിലെ സർക്കിൾ ആഫീസുകളും വനംവകുപ്പ് ആസ്ഥാനവുമായി ബന്ധപ്പെട്ടുത്തി വീഡിയോ കോൺഫറൻസിംഗ് സംവിധാനം, തടിയധിഷ്ഠിത വ്യവസായങ്ങൾക്കുള്ള ലൈസൻസ് നൽകുന്നതിന് ഓൺലൈൻ സംവിധാനം, വനം കേസ്സുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ, ഹൈക്കോടതി കേസ് മോണിറ്ററിംഗ് എന്നിവക്കായി ഓൺലൈൻ സംവിധാനം, വനംവന്യജീവി സംരക്ഷണത്തിന്റെ ഭാഗമായി ക്യാമറ ട്രാപ്പ് സംവിധാനം, ഫീൽഡ് പരാമ്പുലേഷൻ സമയത്ത് തന്നെ ഓൺ ലൈൻ ആയി വിവരങ്ങൾ ശേഖരിക്കുന്നതിനായി ആൻഡ്രോയ്ഡ് സ്മാർട്ട് ഫോണുകളുടെ സഹായത്തോടെയുള്ള എം-സൈറ്റ്സ് സംവിധാനം, തേക്കടിയിൽ റിയൽ ടൈം മോണിറ്ററിംഗിനായി ഉൾവനത്തിൽ ക്യാമറ സംവിധാനം എന്നിവ ഏർപ്പെടുത്തി.<br><br>• അന്തർദേശീയ നിലവാരത്തിലുള്ള ആന പരിപാലന കേന്ദ്രം കോട്ടൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | |
|---|---|---|
| (ബി) വനംവകുപ്പ് ഫയർ റെസ്പോൺഡറുകൾ സ്വന്തമാക്കിയിട്ടുണ്ടോ; | | (ബി) ഉണ്ട്. രണ്ട് ഫയർ റെസ്പോണ്ടറുകൾ നടപ്പ സാമ്പത്തിക വർഷം വാങ്ങിയിട്ടുണ്ട്. |
| (സി) ഫയർ റെസ്പോൺഡറുകൾ വനസേനയ്ക്ക് എപ്രകാരം പ്രയോജനപ്പെടുമെന്ന് വെളിപ്പെടുത്തുമോ? | | (സി) വനംമേഖലയിലെ ഇടുപ്പറോഡുകളിലൂടെ വനത്തിനുള്ളിൽ എത്തി കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നിറവേറ്റാൻ കഴിയുന്ന തരത്തിലുള്ള വാഹനങ്ങളിലാണ് ഫയർ ടെൻറർ ക്രമീകരിച്ചിട്ടുള്ളത്. ജർമ്മനിയിൽ നിന്ന് ഇറക്കുമതി ചെയ്ത പ്രത്യേക സംവിധാനമുള്ള പമ്പ് ഉപയോഗിച്ച് ടാങ്കിലെ ജലം വളരെ ചെറിയ ജലകണികളായി സ്പ്രേ ചെയ്ത് കാട്ടുതീ ഫലവത്തായി പ്രതിരോധിക്കാൻ സാധിക്കുന്ന സംവിധാനമാണ് ഇതിലുള്ളത്. കൂടാതെ, വന്യജീവികളുടെ രക്ഷാപ്രവർത്തനം, മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കൽ തുടങ്ങി മറ്റിതര ആവശ്യങ്ങൾക്കും ഉതകും തരത്തിലുള്ള ക്രമീകരണങ്ങളും ഉണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷമേഖലകളിൽ കാട്ടുമൃഗങ്ങളെ വനമേഖലയിലേക്ക് തുരത്തുന്നതിന് ഉപയോഗപ്രദമായ സൈറൺ, തദ്ദേശവാസികൾക്ക് വന്യമൃഗ സാമീപ്യവും, മുന്നറിയിപ്പും നൽകുന്നതിനുള്ള അനൗൺസ്മെൻറ് സൗകര്യങ്ങൾ, റോഡുകളിൽ മരങ്ങൾ വീണുണ്ടാകുന്ന ഗതാഗത തടസ്സം മാറ്റുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ, ദുരന്തമേഖലയിൽ അടിയന്തിര പ്രവർത്തികൾ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങി പ്രയോജനകരമായ സംവിധാനങ്ങൾ ഫയർ റെസ്പോണ്ടർ വാഹനത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ